മരച്ചീനി സഹകരണസംഘങ്ങൾ.

*270. [26] ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഗവണ്മെൻറ് സ്റ്റീമനുസരിച്ച് കപ്പ് വിലയ്ക്കു വാങ്ങുന്നതിനു് എത്ര സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ സഹകരണസംഘങ്ങൾ എന്തെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) 194 കപ്പുസഹകരണസംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തു. നിലവിലുള്ളതിൽ മൂന്നു സംഘങ്ങൾ മരച്ചീനി സഹകരണസംഘങ്ങളായി പരിവർത്തനം ചെയ്തതുൾപ്പെടെ 197 സംഘങ്ങൾ പ്രവർത്തനത്തിലുണ്ട്.

(ബി) കപ്പ വിലക്കുവാങ്ങി ഗവണ്മെൻറിലേക്കു വിൽക്കുന്ന ജോലിയാണ് ഇവ ആദ്യമായി ഏറ്റെടുത്തതു്.

പാഠപുസ്തകങ്ങൾ.

*271. [28] ശ്രീ. കെ. പി. ഹോർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറിസ്കൂളുകൾ തുറന്നു വളരെ ദിവസങ്ങളായിട്ടും, പാഠപുസ്തകങ്ങൾ ലഭിക്കാത്തതിനാൽ, പഠിച്ചു തുടങ്ങുന്നതിനു കാലതാമസം വരുന്നു എന്നുള്ള സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടുകയുണ്ടായോ;

(ബി) പാഠപുസ്തകങ്ങൾ സമയത്തിനു വിതരണം ചെയ്യാൻ സാധിക്കാതെ വന്നതു് എന്തുകൊണ്ടാണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ, ബി) പ്രൈമറിസ്കൂളുകളിലേക്കാവശ്യമുള്ള മിക്ക പുസ്തകങ്ങളും പള്ളിക്കൂടം തുറക്കുന്നതിനു മുമ്പുതന്നെ വിതരണം ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ മുഴുവൻ പുസ്തകങ്ങളുടെ അച്ചടിയും ഗവണ്മെൻറ് പ്രസ്സുകളിൽതന്നെ ചെയ്യുവാനുള്ളതിനാലും കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ച് കൂടുതൽ പുസ്തകങ്ങൾ വേണ്ടിവന്നതിനാലും ചില പുസ്തകങ്ങളുടെ കാര്യത്തിൽ ആവശ്യമുള്ളിടത്തോളം എണ്ണം തയ്യാറാക്കുന്നതിനു് അല്പം കാലതാമസം നേരിടുകയുണ്ടായി.

അദ്ധ്യാപക ഫെഡറേഷൻ പാസ്സാക്കിയ പ്രമേയം.

*272. [30] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എഡ്യൂക്കേഷൻ അഡൈ്വസറി ബോർഡിലും ടെക്സ്റ്റ് ബുക്കുകമ്മിറ്റിയിലും അംഗീകൃതമായ അദ്ധ്യാപക സംഘടനാ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ആ സമിതികളെല്ലാം പുനഃസംഘടിപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാർ സ്കൂൾ അദ്ധ്യാപക ഫെഡറേഷൻ

LIBRARY ARCHIVES Kerala Legislative Assembly